പ്രവർത്തനം ഫലവത്താകണമെങ്കിൽ ഗ്രാമപ്രദേശങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകളും തുറക്കുക. നിലവിലുള്ള യൂണിറ്റുകളിലെ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കുക, സായുധസേനയുടെ സംഖ്യാബലം വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങളും ചെയ്യേണ്ടിയിരിക്കുന്നു. 1979–80ൽ സായുധ പോലീസ് സേനയിൽ രണ്ടു പുതിയ ബറ്റാലിയനുകളും, ജില്ലാസായുധസേനയിൽ ഏതാനും കമ്പനികളുംകൂടി അനുവദിച്ച് സായുധ സേനയുടെ ശക്തി വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 30 പുതിയ പോലീസ് സ്റ്റേഷനുകളും തുറക്കുന്നതാണ്. പോലീസ് സേനയെ നവീകരിക്കുന്നതിനുള്ള നടപടികളും തുടരുന്നതാണ്. ഈ ഉദ്ദേശത്തോടുകൂടി തിരുവനന്തപുരത്തെ 'പോലീസ് കംപ്യൂട്ടർ സെൻറർ'ൽ ഒരു മേൽത്തരം കമ്പ്യൂട്ടർ സ്ഥാപിക്കുന്നതാണ്. ട്രാഫിക് പോലീസ് യൂണിറ്റുകളും നവീകരിക്കുന്നതാണ്. താമസസൗകര്യം ഉൾപ്പെടെ പോലീസുകാർക്ക് കൂടുതൽ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്. പോലീസ് കോർട്ടേഴ്സിനുവേണ്ടിയും മറ്റു ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയും അടുത്ത വർഷത്തെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അടുത്ത വർഷം കൂടുതൽ ഫയർ സ്റ്റേഷനുകളും തുറക്കുന്നതാണ്.

ഭക്ഷണം, ശുചീകരണം, ആരോഗ്യസംരക്ഷണം, വിനോദ സൗകര്യങ്ങളും എന്നീ കാര്യങ്ങളിൽ ജയിലുകളിൽ ഇപ്പോഴുള്ള സൗകര്യം മെച്ചപ്പെടുത്താനുള്ള ഒരു പദ്ധതി ഗവൺമെൻറു പരിഗണിച്ചു വരികയാണ്.

സർക്കാർ ജീവനക്കാർക്ക് ഭവനനിർമ്മാണ വായ്പയായി കൊടുക്കുന്നതിനു നടപ്പു വർഷത്തിൽ വകയിരുത്തിയിരുന്നത് 213 ലക്ഷം രൂപയായിരുന്നു. വായ്പയ്ക്കുവേണ്ടിയുള്ള വർദ്ധിച്ച ആവശ്യം പരിഗണിച്ച് 90 ലക്ഷം രൂപ കൂടി അനുവദിക്കുകയുണ്ടായി. ഈയിനത്തിൽ അടുത്ത വർഷത്തേയ്ക്കു 200 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

വെയ്സ് ആൻറ് മീൻസ്

സഭയിലവതരിപ്പിച്ചിരിക്കുന്ന എസ്റ്റിമേറ് പ്രകാരം അടുത്ത വർഷത്തെ സംസ്ഥാനത്തിന്റെ സാമ്പത്തികനില ഇങ്ങനെ സംഗ്രഹിക്കാം

	(രൂപ കോടിയിൽ)
റവന്യൂമിച്ചം	4.16
മൂലധനച്ചിലവ്	(—) 111.61
വായ്പകളും മുൻകൂറുകളും (ചെലവ്)	(—) 26.08
പൊതുക്കടം	78.23
വായ്പകളും മുൻകൂറുകളും (തിരിച്ചടയ്ക്കുന്നത്)	13.83
കടങ്ങളും നിക്ഷേപങ്ങളും	30.73
മൊത്തം കമ്മി	(—) 10.74
വർഷാരംഭ നീക്കിയിരിപ്പ്	4.24
വർഷാവസാന നീക്കിയിരിപ്പ്	(—) 6.50

LIBRARY ARCHIVES Kerala Legislative Assembly

209 കോടി രൂപയുടെ സംസ്ഥാന പദ്ധതിക്കുള്ള വിഭവ സമാഹരണം താഴെ പറയും പ്രകാരമാണ്:

	(രൂപ കോടിയിൽ)
കേന്ദ്രസഹായം	70.00
പൊതുക്കടം	29.00
റിസർവ്വ് ബാങ്ക്, (R.B.I.) എൽ.ഐ.സി. (L.I.C.) ആർ.ഇ.സി. (R.E.C.) എന്നിവയിൽ നിന്നുള്ള വായ്പ	12.66
സംസ്ഥാന ഗവൺമെൻറ് 1978–79ൽ നടപ്പാക്കിയ ഇനങ്ങളിൽ നിന്നുള്ള അധിക വിഭവസമാഹരണം	2.16
ബഡ്ജറ്റിലെ മറ്റു വരവിനങ്ങൾ	58.09
ഇലക്ട്രിസിറ്റി ബോർഡിന്റെ ആഭ്യന്തര വിഭവങ്ങൾ	6.09
ഇലക്ട്രിസിറ്റി ബോർഡിന്റെ അധിക വിഭവസമാഹരണം	15.94
കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ആഭ്യന്തര വിഭവങ്ങൾ	(—) 0.31
ആകെ	193.63

209.08 കോടി രൂപയുടെ സംസ്ഥാന പദ്ധതി നടപ്പാക്കുവാൻ വിഭവലഭ്യതയിൽ 15.45 കോടി രൂപയുടെ കുറവുണ്ടാകുന്നതാണ്. ഇതിൽ 4.40 കോടി രൂപ ഇലക്ട്രിസിറ്റിബോർഡിന്റെ കമ്മിയും, 0.31 കോടി രൂപ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കമ്മിയുമാണ്. ബാക്കിയുള്ള 10.74 കോടിയാണ് സംസ്ഥാന ഗവൺമെൻറിന്റെ ബഡ്ജറ്റ് അടങ്കലുകളുമനുസരിച്ചുള്ള കമ്മി. ഇലക്ട്രിസിറ്റി ബോർഡിന്റെ അധിക വിഭവ സമാഹരണമായി കണക്കാക്കിയിട്ടുള്ള 15.94 കോടി രൂപയിലൊരു ഭാഗം അയൽ സംസ്ഥാനങ്ങൾക്ക് നൽകുന്ന വിദ്യുച്ഛക്തിയുടെ വില വർദ്ധിപ്പിച്ചതു മൂലവും ലോ ടെൻഷൻ നിരക്കുകളിൽ വരുത്താനുദ്ദേശിക്കുന്ന വ്യത്യാസം മൂലവുമാണ്. ബാക്കി വർഷാവസാനത്തിൽ ബോർഡിനു ഉണ്ടാകുമെന്നു കണക്കാക്കിയിട്ടുള്ള നീക്കിയിരുപ്പാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെയും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റേയും പദ്ധതികൾ നടപ്പിലാക്കുന്നതിന് വിഭവശേഷിയുടെ അപര്യാപ്തത പ്രത്യേകം പരിഗണിച്ച് തക്കസമയത്ത് ആവശ്യമായ ധനസഹായം നൽകുന്നതാണ്. വരുമാനം ആവുന്നിടത്തോളം വർദ്ധിപ്പിച്ചും ചെലവുചുരുക്കൽ പരിപാടികൾ നടപ്പാക്കിയും ഈ സ്ഥാപനങ്ങൾ തന്നെ ഇക്കാര്യത്തിൽ പുരോഗതി കൈവരിക്കുമെന്നും ഗവൺമെൻറ് പ്രതീക്ഷിക്കുന്നു.

ജനങ്ങളുടെ സാമൂഹ്യ സാമ്പത്തികാഭിവൃദ്ധിക്കു വേണ്ടിയുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം ഒഴിവാക്കുവാൻ ഭരണ സംവിധാനം കൂടുതൽ ഊർജ്ജസ്വലവും കാര്യക്ഷമവുമാക്കേണ്ടിയിരിക്കുന്നു. ഇതിലേക്കായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.:

LIBRARY ARCHIVES Kerala Legislative Assembly

(i) നിലവിലുള്ള ഭരണസംവിധാനത്തെപ്പറ്റിയും അതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയും വിശദമായൊരു പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരമുള്ള ഒരു പഠനം നടത്തുന്നതു വരെ ഒഴിച്ചുകൂടാൻ പാടില്ലാത്ത സന്ദർഭങ്ങളിലൊഴികെ പുതുതായി തസ്തികകൾ അനുവദിക്കുന്നതല്ല.

(ii) ഭരണപരവും ധനസംബന്ധവുമായ അധികാരങ്ങൾ കുറയുന്നത്ര സെക്രട്ടേറിയറ്റിൽനിന്നും വകുപ്പു മേധാവികൾക്കും അവരിൽ നിന്നും താഴെക്കിടയിലുള്ള മറ്റുദ്യോഗസ്ഥൻമാർക്കും നൽകുന്നതാണ്.

(iii) ചെലവു ചുരുക്കൽ പരിപാടികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഒരു 'ഇക്കണോമിസെൽ' രൂപീകരിക്കുന്നതാണ്.

(iv) സർവ്വീസ് സംബന്ധമായ കാര്യങ്ങളിൽ തീരുമാനമെടുക്കുവാൻ കാലതാമസം വരുന്നതൊഴിവാക്കുവാൻ ഒരു 'അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ' രൂപീകരിക്കുന്നതാണ്. ഈ ട്രിബ്യൂണലിനു സംസ്ഥാനജീവനക്കാരുടെ എല്ലാ കാര്യങ്ങളിലുമുള്ള അപ്പീലുകളിലും, റിവിഷൻ ഹർജികളിലും തീർപ്പു കൽപ്പിക്കുവാൻ അധികാരമുണ്ടായിരിക്കണമെന്നതാണ് ഉദ്ദേശ്യം.

(v) പദ്ധതികൾക്കും മറ്റും ഭരണാനുമതി നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ സെക്രട്ടേറിയറ്റിലെ വിവിധ ഭരണവകുപ്പുകൾക്കു കൂടുതൽ ധനപരമായ അധികാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(vi) സബ്സിഡി അനുവദിക്കുന്ന പദ്ധതികളെപ്പറ്റി വിശദമായി പഠിച്ച് അവ തുടരേണ്ടതുണ്ടോ, ഉണ്ടെങ്കിൽത്തന്നെ സബ്സിഡിയുടെ തോതിൽ കുറവു വരുത്തേണ്ടതുണ്ടോ എന്നും മറ്റുമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(vii) താൽക്കാലികമായും അല്ലാതെയുമുള്ള പലതരം നികുതി ഇളവുകൾ ഇപ്പോൾ ഗവൺമെൻറ് നൽകി വരുന്നുണ്ട്. ഇത് പരിപൂർണ്ണമായി ഒഴിവാക്കുവാൻ സാദ്ധ്യമല്ല. പലപ്പോഴും, സമ്പദ്വ്യവസ്ഥയിലെ പ്രധാനപ്പെട്ട ചില മേഖലകൾ അപ്രതീക്ഷിതമായി നേരിടുന്ന വൈഷമ്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരം ഇളവുകൾ ആവശ്യമാവുന്നത്. ഉദാഹരണത്തിന്, സമുദ്രോൽപ്പാദന കയറ്റുമതി വ്യവസായരംഗത്ത് 1977–78, 1978–79 എന്നീ രണ്ടു വർഷങ്ങളിൽ പർച്ചേഴ്സ് ടാക്സ് ഇളവുചെയ്യാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിനുള്ളിൽ റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളെ സഹായിക്കുവാൻ പർച്ചേസ് നികുതിയിൽ കുറവു വരുത്തേണ്ടതായും വന്നിട്ടുണ്ട്. തേയില കമ്പനിക്കാർ ചെറുകിട ഉൽപ്പാദകരിൽനിന്ന് വാങ്ങുന്ന തേയിലക്കിളുന്നിനും ഈയിടെ പർച്ചേസ് ടാക്സിൽനിന്ന് ഇളവ് അനുവദിക്കുകയുണ്ടായി. അപ്പപ്പോഴായി നൽകിവരുന്ന നികുതി ഇളവുകളെ സംബന്ധിച്ച് സമഗ്രമായ ഒരു പഠനം ആവശ്യമാണെന്ന് ഗവൺമെൻറ് കരുതുന്നു.

(viii) ഭരണ സംവിധാനത്തിൽ തൊഴിൽ വൈദഗ്ധ്യമുള്ളവർക്ക് പ്രാധാന്യം നൽകി ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥൻമാർക്കുവേണ്ടി പരിശീലന കോഴ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുന്നതാണ്. സമർത്ഥരായ ഉദ്യോഗസ്ഥൻമാർക്ക് പ്രോൽസാഹനം നൽകുന്നതും അതേ സമയം കാര്യക്ഷമതയില്ലാത്ത ഉദ്യോഗസ്ഥൻമാർക്കെതിരെ തക്കതായ നടപടികളും എടുക്കുന്നതുമാണ്.

ഇനി അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ ക്ഷേമ പ്രവർത്തനങ്ങൾക്കും മറ്റു ചില പ്രധാന പരിപാടികൾക്കും നീക്കിവച്ച തുകകളെപ്പറ്റി ചെറിയൊരു വിവരണം നൽകാം.

പെൻഷൻകാർക്ക് ആനുകൂല്യം

ശമ്പളക്കമ്മീഷൻ പെൻഷൻകാർക്ക് നൽകേണ്ട ചില ആനുകൂല്യങ്ങളെപ്പറ്റി ഗവൺമെൻറിനു ശുപാർശകൾ സമർപ്പിച്ചിരുന്നു. 1.7.1973-നു മുമ്പ് റിട്ടയർ ചെയ്തവരുടെ കാര്യത്തിൽ പ്രത്യേക ആനുകൂല്യം നൽകേണ്ട ആവശ്യകതയും കമ്മീഷൻ എടുത്തു പറഞ്ഞിരുന്നു. ആ ശുപാർശകൾ കണക്കിലെടുത്തുകൊണ്ട് പെൻഷൻകാർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്:—

1. പെൻഷൻകാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന അഡ്ഹോക്ക്/താൽക്കാലിക വർദ്ധനവ് പെൻഷൻതുകയിൽ ലയിപ്പിക്കുന്നതും അപ്രകാരമുള്ള പെൻഷൻ തുകയിൽ താഴെ പറയും പ്രകാരം വർദ്ധനവ് അനുവദിക്കുന്നതുമാണ്.

(i) 14.11.1966-നു മുമ്പ് സർവ്വീസിൽനിന്നും വിരമിച്ച വർക്ക് അവരുടെ പെൻഷൻ, അഡ്ഹോക്ക്/തൽക്കാലിക വർദ്ധനവ് എന്നിവ അടക്കം കിട്ടുന്ന മൊത്തം തുകയുടെ ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് അനുവദിക്കും. ഇത് ഏറ്റവും കൂടിയത് 50 രൂപയായിരിക്കും.

(ii) 14.11.1966-നും 31.3.1969-നും ഇടയ്ക്ക് സർവ്വീസിൽനിന്നും വിരമിച്ചവർക്ക് മേൽപ്രകാരമുള്ള വർദ്ധനവ് ഇരുപതു ശതമാനമായിരിക്കും. ഇത് ഏറ്റവും കൂടിയത് 40 രൂപയായിരിക്കും.

(iii) 1.4.1969-നും 30.6.1973-നും ഇടയ്ക്ക് സർവ്വീസിൽനിന്നും വിരമിച്ചവർക്ക് ഈ വർദ്ധനവ് പത്തു ശതമാനമായിരിക്കും. ഏറ്റവും കൂടിയത് 25 രൂപയായിരിക്കും.

(iv) 1.7.1973-നും 30.6.1978-നും ഇടയ്ക്ക് സർവ്വീസിൽനിന്നും വിരമിച്ചവർക്ക് ഈ വർദ്ധനവ് അഞ്ചു ശതമാനമായിരിക്കും. ഇത് ഏറ്റവും കൂടിയത് 15 രൂപയായിരിക്കും.

2. ഏറ്റവും കുറഞ്ഞ പെൻഷൻ 70 രൂപയിൽനിന്ന് 100 രൂപയായി ഉയർത്തുന്നതാണ്.

3. ഇപ്പോൾ പരമാവധി പ്രതിമാസപെൻഷൻ 600 രൂപയും ഗ്രാറ്റുവിറ്റി 22,500 രൂപയുമാണ്. ഇത് 900 രൂപയായും, 28,000 രൂപയായും വർദ്ധിപ്പിക്കുന്നതാണ്.

4. പെൻഷനു കണക്കാക്കുന്ന പരമാവധി സർവ്വീസ് 30 കൊല്ലത്തിൽനിന്ന് 33 കൊല്ലമായി ഉയർത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly